താനൂരിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് പുനർനിർമ്മാണം

176 [1527] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലുള്ള പി.ഡബ്ല്യു.ഡി. വക റസ്റ്റ് ഹൗസ് കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റി പുതിയ റസ്റ്റ് ഹൗസും കമ്മേഴ്സ്യൽ കോംപ്ലക്സും നിർമ്മിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻഡ് സി) റസ്റ്റ് ഹൗസിന് ആവശ്യമായ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടനിർമ്മാണം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ പണി

177 [1528] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ പണി എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് സ്റ്റാഫ് കമ്പാർട്ടുമെന്റിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിന് സ്ഥലം

178 [1529] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഇ. സി.-മലയമ്മ റോഡ് സൈഡിൽ പി. ഡബ്ല്യു. ഡി.-യുടെ ഉടമസ്ഥതയിൽ എത്ര സെന്റ് സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥലം എന്താവശ്യത്തിന് ഉപയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ മത്സ്യ മാർക്കറ്റ് ഇല്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റോഡ് സൈഡിൽ മത്സ്യ വിൽപ്പന നടത്തുന്നതുമൂലം യാത്രക്കാർക്കും പരിസരവാസികൾക്കുമുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് പി. ഡബ്ല്യു. ഡി. യുടെ കൈവശത്തിലുള്ള പുറമ്പോക്കുസ്ഥലം വിട്ടുതരണമെന്ന ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(എഫ്) ഈ പുറമ്പോക്ക് ഭൂമി ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് എന്ന് കൈമാറുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് സൈഡിൽ പൊതുമരാമത്ത് വകുപ്പിന് 13.2 മീ. വീതിയിൽ റോഡ് മാത്രമേ ഉള്ളൂ.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ & എഫ്) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പഞ്ചായത്തിന് കൈമാറാനായി ഇവിടെ പുറമ്പോക്ക് ഭൂമി ഒന്നുംതന്നെയില്ല.

പെരുമ്പാവൂരിലെ എൻ. ജി. ഒ. ക്വാർട്ടേഴ്സ്

179 [1530] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിൽ നിർമ്മാണം പൂർത്തിയാക്കിയ എൻ. ജി. ഒ. ക്വാർട്ടേഴ്സ് ജീവനക്കാർക്ക് വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്ഘാടനം ചെയ്ത് നാലര വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ടവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെട്ടിടത്തിൽ ആവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താനും നവീകരിച്ച് വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് മതിയായ ശുദ്ധജല വിതരണ സംവിധാനം ഇല്ലാത്തതിനാൽ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടില്ല.

(സി & ഡി) നിലവിലുള്ള ശുദ്ധജല സംവിധാനത്തിൽ ക്വാർട്ടേഴ്സിന്റെ മുകളിലത്തെ നിലയിൽ ജലം എത്തിക്കാൻ സാധിക്കാത്തതുകൊണ്ട്, വെള്ളം പമ്പ് ചെയ്ത് മുകളിലത്തെ നിലയിൽ എത്തിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly